ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത്

# ബജറ്റ്

# 2020-21

2020 മാർച്ച് 25

ബഹുമാന്യരെ,

ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് 2020–21 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾ വിശദമാക്കുന്ന ബജറ്റ് തികഞ്ഞ അഭിമാനത്തോടും സന്തോഷത്തോടും കൂടി നിങ്ങളുടെ മുമ്പിൽ ഞാൻ അവതരിപ്പിക്കുന്നു.

ജാതിയുടേയോ മതത്തിന്റേയോ ലിംഗപദവിയുടേയോ വംശത്തിന്റേയോ വർഗ്ഗത്തിന്റേയോ ഭാഷയുടേയോ പേരിൽ ആരേയും വിവേചനത്തിനിരയാക്കരുതെന്ന വിശാല ആശയമായ ഇന്ത്യൻ ഭരണഘടനയുടെ ചുവടുപിടിച്ചാണ് ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് ഈ ബഡ്ജറ്റ് അവതരണത്തിന് തയ്യാറാവുന്നത്.

"ഇന്നലെയിൽ നിന്ന് പഠിക്കുക

ഇന്ന് ജീവിക്കുക

നാളത്തെപ്പറ്റി പ്രതീക്ഷിക്കുക"

എന്ന ഐൻസ്റ്റൈന്റെ വചനം ഇവിടെ ഞാൻ ഓർമ്മപ്പെടുത്തട്ടെ.

ബ്ലോക്ക് പഞ്ചായത്തിൽ മെച്ചപ്പെട്ട ജന സേവനം ഉറപ്പുവരുത്തി കില മുഖാന്തിരം സംസ്ഥാനത്ത് ആദ്യത്തെ ഐ എസ് ഒ ബ്ലോക്ക് എന്ന ബഹുമതിക്ക് അർഹത നേടാനായി എന്നത് 2019–20 വർഷത്തിൽ അഭിമാനാർഹമായ നേട്ടമാണ്.

വിജയഗാഥകൾ രചിച്ച് മുന്നേറുന്ന ലൈഫ്, ആർദ്രം, ഹരിതം, പൊതു വിദ്യാഭ്യാസം എന്നീ മിഷനുകളെ ശക്തിപ്പെടുത്തുന്നതിനുള്ള തുടർ നടപടികളും ബഡ്ജറ്റിലുണ്ട്.

ബ്ലോക്ക് പരിധിയിലെ പഞ്ചായത്തുകളിലെ പ്രകൃതി സംരക്ഷണത്തിനുവേണ്ടി കിണർ, തോട് നവീകരണവും ഈ ബഡ്ജറ്റിൽ ലക്ഷ്യമിടുന്നു. ജലസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള **ഇനി ഞാൻ ഒഴുകട്ടെ** എന്നതിൽ ഉൾപ്പെടുത്തി തൂവാനം പദ്ധതി ഇരിങ്ങാലക്കുട ബ്ലോക്കിലെ കാറളം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുക വഴി ടൂറിസം വികസനം കൂടി ലക്ഷ്യമിടുന്നു.

കാർഷിക മേഖലയ്ക്ക് പുതിയ കുതിപ്പ് കൈവരിക്കുന്നതിനു വേണ്ടിയുള്ള വിവിധ പദ്ധതികൾ മുന്നോട്ട് വെയ്ക്കുവാനും ബഡ്ജറ്റ് ശ്രമിച്ചിട്ടുണ്ട്.

കാലാവസ്ഥാ വ്യതിയാനത്തിന്റേയും പ്രകൃതി ദുരന്തത്തിന്റേയും ഭീഷണി നേരിടുന്ന വർത്തമാന കാലഘട്ടത്തെ പ്രതിരോധിക്കാൻ പരിധിക്കകത്ത് നിന്ന് കഴിയാവുന്ന വിധം പ്രധാന കരുതലായി തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ആരോഗ്യമേഖലയിലെ ആയുഷ് പദ്ധതിയും, പുതുതലമുറയിലെ കലാകാരൻമാരെ പ്രോത്സാഹിപ്പിക്കുന്നതിനായി വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതിയും ഈ ബജറ്റ് മുന്നോട്ട് വെയ്ക്കുന്നു.

ആരോഗ്യ- വിദ്യാഭ്യാസം- എന്നീ മേഖലയിൽ ബഡ്ജറ്റ് മുഖ്യ പ്രാമുഖ്യം നൽകുന്നുണ്ട്. വിശപ്പുരഹിത കേരളം എന്ന ലക്ഷ്യ സാക്ഷാത്ക്കാരത്തിനായി ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് കുടുംബശ്രീ ഹോട്ടൽ മുഖേന ചുരുങ്ങിയ വരുമാനമുള്ളവർക്ക് 20 രൂപയുടെ ഊണ് നൽകുവാനുള്ള ശുചിത്വമുള്ള ഹോട്ടലുകൾ വിഭാവനം ചെയ്യുന്നുണ്ട്.

വീടില്ലാത്തവർക്ക് വീടും, ഭൂമിയില്ലാത്തവർക്ക് ഭൂമിയും, വീടും നൽകുക എന്ന സർക്കാർ പദ്ധതിയായ ലൈഫ് മിഷൻ പരിപാടിയുടെ പൂർത്തികരണത്തിൽ ഭാഗഭാക്കാവാനും ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. വരും വർഷങ്ങളിൽ ഈ പദ്ധതിക്ക് വേണ്ടി കൂടുതൽ തുക വകയിരുത്തുന്നതിന് ഈ ബഡ്ജറ്റിലൂടെ ശ്രമിച്ചിട്ടുണ്ട്.

വനിതകൾ , ഭിന്നശേഷിക്കാർ, വയോജനങ്ങൾ എന്നിവരുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും അത് നടപ്പിലാക്കുന്നതിനും വേണ്ട തുക വകയിരുത്തുന്നതിനും ബഡ്ജറ്റ് മുൻഗണന നൽകിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2020-21 വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകേണ്ട 12 ഇന പരിപാടികളിൽ ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാൻ സാധിക്കുന്ന പദ്ധതികൾക്ക് തുക വകയിരുത്താൻ ഈ ബഡ്ജറ്റിൽ ശ്രദ്ധിച്ചിട്ടുണ്ട്.

കേരളം അഭിമുഖീകരിച്ച പ്രകൃതി ദുരന്തങ്ങളും ദുരന്ത ലഘൂകരണ പ്രവൃത്തികളും ഉൾപ്പെടുത്തികൊണ്ടുള്ള പദ്ധതികൾ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കുന്നതിന് ലക്ഷ്യം വെച്ചിട്ടുണ്ട്. വിശപ്പുരഹിത കേരളം ജനകീയ ഹോട്ടൽ, വയോക്ലബ്ബുകൾ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, പാലിയേറ്റീവ് പരിചരണം, ശുചിത്വ പരിപാലനം തുടങ്ങിയ പദ്ധതികൾക്ക് ബഡ്ജറ്റിൽ ലക്ഷ്യം വെച്ചിട്ടുണ്ട്.

## ഉല്പ്പാദന മേഖല

കാർഷിക മേഖലയിൽ കൂടുതൽ ഊന്നൽ നൽകികൊണ്ടുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലെ ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന പാടശേഖര സമിതികൾക്ക് വെട്ടിക്കൽ ആക്സിയൽ പമ്പ് സെറ്റ് വിതരണം ചെയ്യുന്നതിന് ഗുണഭോക്തൃവിഹിതമുൾപ്പെടെ 18,00,000/- രൂപ ഈ ബജറ്റിൽ വകയിരുത്തുന്നു. നെൽകൃഷിക്ക് സഹായകമാകുന്ന രീതിയിൽ കൂലിചെലവ് സബ്സിഡി നൽകുന്നതിലേക്കായി 8,00,000/- രൂപ വകയിരുത്തുന്നു. ബ്ലോക്ക് പരിധിയിലെ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് സംഘം മുഖേന പാലിന് സബ്സിഡി നല്കുന്ന പദ്ധതി ഈ വർഷവും ബ്ലോക്ക് പഞ്ചായത്ത് തുടരുന്നതാണ്. ഇതിലേക്കായി ഉത്പ്പാദന മേഖലയില് 18,00,000/- രൂപ വികസന ഫണ്ടിൽ വകയിരുത്തുന്നു. വനിതാ സ്വയം തൊഴിൽ സംരംഭകർക്ക് ബാക്ക് ആന്റ് സബ്സിഡിയായി പൊതുവിഭാഗത്തിൽ 10,00,000/- രൂപയും എസ്.സി വിഭാഗത്തിൽ 10,50,000/- രൂപയും വകയിരുത്തിയിട്ടുണ്ട്.

# സേവന മേഖല

സംസ്ഥാനത്തെ വീടില്ലാത്ത കുടുംബങ്ങൾക്ക് വീടും അടിസ്ഥാന സൗകര്യ ങ്ങളും ഒരുക്കികൊടുക്കുക എന്ന ലൈഫ് മിഷൻ പദ്ധതിക്ക് 69,56,920/- രൂപയും വകയി രുത്തിയിട്ടുണ്ട്. പഠനത്തോടൊപ്പം ശാരിരിക മാനസീക വളർച്ചയും മുന്നിൽ കണ്ടുകൊണ്ട് നൂതന പരിപാടിയായ കുട്ടികൾക്ക് ചാലക ശേഷി നിർണ്ണയ പദ്ധതി സംസ്ഥാനത്ത് ആദ്യമായി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്ന മികച്ച പരിപാടിയായി മാറ്റാനുള്ള ശ്രമം നടക്കുന്നുണ്ട്. ടി പദ്ധതിക്കായി 1,50,000/- രൂപ വകയിരുത്തുന്നു.

ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് വനിതകളുടെ ആരോഗ്യ പരിപാലന ത്തിന്റെ ഭാഗമായി ഫിറ്റ്നസ് സെന്റർ സൗകര്യം ഒരുക്കുന്നതിന് 3,00,000/- രൂപ വകയി രുത്തുന്നു. കേരള സർക്കാരിന്റെ 12 ഇന പരിപാടികളിൽ പ്രഥമ പരിഗണന നൽകുന്ന വിശപ്പുരഹിത കേരളം പദ്ധതിക്ക് റിവോൾവിംങ് ഫണ്ടായി 80,000/- രൂപ മാറ്റി വെയ്ക്കുന്നു. ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരെ സമൂഹ ത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തുന്നതിനായി സ്കോളർഷിപ്പിന് 13,50,000/- രൂപയും അഗതി രഹിത കേരളം പദ്ധതിക്ക് ബ്ലോക്ക് വിഹിതമായി 12,00,000/- രൂപയും വകയിരുത്തുന്നു. വയോജന ക്ഷേമ പദ്ധതിയിൽ വൃദ്ധർക്ക് കട്ടിൽ നൽകുന്ന പദ്ധതിയിലേക്കായി ബ്ലോക്ക് വിഹിതമായി 2,00,000/- രൂപയും വയോക്ലബുകൾക്ക് ഫർണീച്ചർ, കെയർടേക്കറുടെ വേതനവും ഉൾപ്പടെ 3,30,170/- രൂപ വകയിരുത്തുന്നു. അംഗനവാടികൾക്ക് അനുപൂരകപോഷകാഹാരം ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതമായി 11,50,000/- രൂപയും, മുരിയാട് സ്മാർട്ട് അംഗനവാടി അനുബന്ധ പ്രവർത്തനങ്ങൾക്ക് 5,00,000/- രൂപയും വകയിരുത്തിയിട്ടുണ്ട്.

രോഗപ്രതിരോധ പ്രവർത്തനങ്ങളിലും രോഗാതുരത മോണിറ്റർ ചെയ്യുന്നതിലും കേരളം മുൻപന്തിയിലാണ്. ബ്ലോക്ക് പരിധിയിലുള്ള പൊതുജനാരോഗ്യ സ്ഥാപനങ്ങ ളിലെ ആരോഗ്യ പ്രവർത്തകർ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നട ത്തിയ പ്രവർത്തനങ്ങളുടെ ഫലമായാണ് ഇത് കൈവരിക്കാൻ കഴിഞ്ഞത്. ഇതിന്റെ തുടർ പ്രവർത്തനം എന്ന നിലയിൽ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകികൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

പെയിൻ ആന്റ് പാലിയേറ്റീവ് കെയർ രണ്ടാംഘട്ട നടത്തിപ്പിനായി 8,70,000/- രൂപയും ഈ ബഡ്ജറ്റിൽ വകയിരുത്തുന്നു. സി.എച്ച്.സി കളിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിക്കായി 4 ലക്ഷം രൂപയും സി.എച്ച്.സി കളിൽ നിയോഗിക്കുന്ന ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും വേതനം നൽകുന്നതിലേക്കായി 17,50,000/- രൂപയും വകയിരുത്തുന്നു. കേരളോത്സവം പദ്ധതിക്കായി ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് 1,10,000/- രൂപ വകയിരുത്തിയിട്ടുണ്ട്. കേരളോത്സവം മുഴുവൻ യുവജനങ്ങളെയും ഉൾപ്പെടുത്തുന്ന പ്രവർത്തനമായി മാറ്റാൻ സാധിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ അരികെ ആരോഗ്യം പദ്ധതിക്കായി 1,50,000/- രൂപ ബ്ലോക്ക് വിഹിതമായി വകയിരുത്തുന്നു.

ജലസംരക്ഷണത്തിന്റെ ഭാഗമായി കാറളം ഗ്രാമപഞ്ചായത്തിന് ബ്ലോക്ക് വിഹിത മായി 5,25,000/- രൂപ തൂവാനം പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ജെന്റർ പ്രാധാന്യം നൽകികൊണ്ട് വനിതകൾ കൂടുതൽ പ്രവൃത്തിക്കുന്ന പുല്ലൂർ കശുവണ്ടി കമ്പനിയിൽ തൊഴിലാളികൾക്ക് ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണത്തിന് 5,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

## പശ്ചാത്തല മേഖല

2020-21 സാമ്പത്തിക വർഷത്തിൽ വികസന ഫണ്ടിൽ നിന്ന് അമ്മിച്ചാൽ - കോട്ട പ്പാടം കുളത്തിലേക്ക് കെ.എൽ.ഡി.സി കനാലിൽ നിന്നും പൈപ്പ് ലൈൻ സ്ഥാപിക്കുന്ന തിന് 5,00,000/- രൂപയും കാട്ടൂർ സി.എച്ച്.സിയിൽ ഓഫീസ് വരാന്ത, കോറിഡോർ, വനിതാ വാർഡ് എന്നിവിടങ്ങളിൽ ടൈൽ വിരിക്കുന്ന പ്രവൃത്തിക്കായി 3,50,000/- രൂപയും ഉൾപ്പടെ പൊതു വിഭാഗത്തിൽ 12,50,000/- രൂപയും, പട്ടികജാതി വിഭാഗത്തിൽ വെള്ളിലാംകുന്ന് എസ്.സി കമ്മ്യൂണിറ്റി ഹാൾ പ്രവർത്തനങ്ങൾക്ക് 10,00,000/- രൂപയും ചേർത്ത് ആകെ 45,50,000/- രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തുന്നു.

## മെയിന്റനൻസ് ഫണ്ട്

വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റ പണികൾ നടത്താനായി 23,53,000/- രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തുന്നു. അഗ്രോ സർവ്വീസ് സെന്ററിൽ മഴമറ, ഗോഡൗൺ നിർമ്മാണം, ആനന്ദപുരം ആശുപത്രിയിൽ പുനരുദ്ധാരണ പ്രവൃത്തികൾ, ഐ.സി.ഡി. എസ് ഓഫീസിലേക്ക് ചേർന്നുള്ള നിർമ്മിതി കെട്ടിടത്തിന്റെയും മാനവീയം ശിൽപ്പത്തി ന്റെയും പുനരുദ്ധാരണം എന്നിവയ്ക്ക് വേണ്ടിയും ഫണ്ട് നീക്കി വെയ്ക്കുന്നു. സി.എ ച്ച്.സി കളിലേക്ക് മരുന്ന് വാങ്ങുന്നതിനായി 4,00,000/- രൂപയും എയർപോർട്ട് ചെയർ വാങ്ങുന്നതിനായി 1,50,000/- രൂപയും ഈ ബഡ്ജറ്റിൽ വകയിരുത്തുന്നുണ്ട്.

### മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

നടപ്പുവർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നാല് ഗ്രാമപഞ്ചായത്തുകളിലായി 2233 പ്രവൃത്തികൾ ഏറ്റെടുക്കാൻ വാർഷിക കർമ്മ പദ്ധതി ലക്ഷ്യമിടുന്നു. ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി റോഡ് നിർമ്മാണം കാന നിർമ്മാണം എന്നിവ ഓരോ പഞ്ചായത്തിലും നടപ്പിലാക്കും.

മണ്ണ് ജലസംരക്ഷണത്തിന്റെ ഭാഗമായി തോടുകൾ കുളങ്ങൾ എന്നിവ കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷണം, സൈഡുകൾ ബലപ്പെടുത്തൽ, പൊതു കുളങ്ങളുടെ നവീകരണം, കിണർ നിർമ്മാണം, ഫാം പോണ്ട്, കിണർ റീചാർജ്ജിംഗ് എന്നീ പദ്ധതികളും നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. സമ്പൂർണ്ണ ശുചിത്വത്തിന്റെ ഭാഗമായി എല്ലാ വീടുകളിലും കമ്പോസ്റ്റ്, ഐ.എച്ച്.എച്ച്.എൽ, എന്നിവ നടപ്പാക്കുംഹരിതകേരളത്തിന്റെ ഭാഗമായി ബി.പി.എൽ കുടുംബങ്ങൾക്ക് വൃക്ഷതൈ വിതരണം. റോഡ് സൈഡ്, ട്രീ പ്ലാന്റേഷൻ, എന്നിവയും ലക്ഷ്യമിടുന്നു. നടപ്പുവർഷത്തിൽ 100 ദിവസം തൊഴിൽ പൂർത്തിയാക്കിയവർ 880 വരുമെന്ന് പ്രതീക്ഷിക്കുന്നു. 2020-21 വർഷത്തിൽ 6,50,00,000, കോടി രൂപ വക കൊള്ളിക്കുന്നു.

## ഉപസംഹാരം

കിലയുടെ നേതൃത്വത്തിൽ ISO അംഗീകാരം നേടിയ കേരളത്തിലെ ആദ്യ ബ്ലോക്ക് പഞ്ചായത്തെന്ന നേട്ടം കൈവരിക്കാൻ ഇരിങ്ങാലക്കുടയ്ക്ക് കഴിഞ്ഞു. 2015-20 വർഷ കാലയളവിലെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തികൊണ്ട് വരും വർഷങ്ങളിൽ വിവിധ മേഖലകളുടെ വളർച്ചയ്ക്ക് ഉതകുന്ന വിധത്തിലുള്ള ചുവടുവെപ്പാണ് ഈ ബജറ്റിലൂടെ ലക്ഷ്യമിടുന്നത്.

ഓഖി, 2018,2019 വർഷത്തെ പ്രളയം എന്നീ ദുരന്തങ്ങൾക്കിടയിലും നിപ, ഇന്ന് നാം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന കോവിഡ്-19 എന്നീ രോഗങ്ങൾക്കിടയിലും നമ്മൾ ഒറ്റക്കെട്ടായ് നിന്ന് കൊണ്ട് പൊരുതി. മണ്ണ് കൊണ്ടും മനസ്സ് കൊണ്ടും വിഭജിക്കപ്പെടാതെ നാം ഒരുമയോടെ അതിജീവിക്കും എന്നു മാത്രം പറഞ്ഞുകൊണ്ടും

*"ഭൂമിയിൽ മനുഷ്യനോളം വലുതായിട്ടൊന്നുമില്ല*

*മനുഷ്യനിലോ മനസ്സോളം വലുതായിട്ടൊന്നുമില്ല"*

എന്ന സർ വില്യംസിന്റെ വചനങ്ങൾ ഈ അവസരത്തിൽ ഓർമ്മപ്പെടുത്തികൊണ്ടും.

***15,04,44,075/- രൂപ വരവും 14,98,74,795/- രൂപ ചെലവും 5,69,280/- രൂപ മിച്ചവും വരുന്ന ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് ഞാൻ നിങ്ങളുടെ മുമ്പിൽ ചർച്ചക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.***

(ഒപ്പ്)

ഇരിങ്ങാലക്കുട
25.03.2020

***നളിനി ബാലകൃഷ്ണൻ***
വൈസ് പ്രസിഡന്റ് &
ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ
ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത്

# ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത്

ബജറ്റ് 2020-21

| വരവ് | | |
|---|---|---|
| പ്രാരംഭ ബാക്കി | | |
| വികസന ഫണ്ട് | 9295142 | |
| ജി.പി.ജി | 3346134 | |
| ടി.എസ്.സി | 2628701 | |
| മെയിന്റനൻസ് ഫണ്ട് | 1167173 | |
| MGNREGS | 558337 | |
| തനത് ഫണ്ട് | 587787 | |
| ഐ.എ.വൈ | 563718 | |
| പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ | 31283 | |
| ആകെ | | 18178275 |
| റവന്യൂ വരവ് | | |
| വികസന ഫണ്ട് | 31815000 | |
| ജി.പി.ജി | 4492800 | |
| മെയിന്റനൻസ് ഫണ്ട് | 2903000 | |
| MGNREGS | 65000000 | |
| MGNREGS admin | 600000 | |
| തനത് ഫണ്ട് | 1200000 | |
| ഐ.എ.വൈ കേന്ദ്രവിഹിതം | 1800000 | |
| ഐ.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതം | 1050000 | |
| ഐ.എ.വൈ ജില്ലാ പഞ്ചായത്ത് വിഹിതം | 1470000 | |
| NCFRW | 5715000 | |
| MPKBY | 12500000 | |
| MPLADS | 3500000 | |
| പ്ലാസ്റ്റിക് വില്പന | 220000 | |
| | | |
| | | |
| ആകെ | | 132265800 |
| | | 150444075 |

| ചെലവ് | | |
|---|---|---|
| വികസന ഫണ്ട് | | |
| ജനറൽ വിഭാഗം | | |
| ഉൽപാദന മേഖലയ്ക്ക് | 5400000 | |
| സേവന മേഖലയ്ക്ക് | 12408000 | |
| പശ്ചാത്തല മേഖലയ്ക്ക് | 1250000 | |
| ആകെ | | 19058000 |
| എസ്.സി.പി. വിഭാഗം | | |
| ഉൽപാദന മേഖലയ്ക്ക് | 1050000 | |
| സേവന മേഖലയ്ക്ക് | 8645320 | |
| പശ്ചാത്തല മേഖലയ്ക്ക് | 3061680 | |
| | | |
| ആകെ | | 12757000 |
| 2019-20 വർഷത്തെ വികസന പദ്ധതികൾക്ക് നീക്കി വെയ്ക്കുന്നത് | 13250066 | |
| ആകെ | | 13250066 |
| മെയിന്റനൻസ് ഫണ്ട് | | |
| വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപണി | 2353000 | |
| മരുന്ന് വാങ്ങൽ | 400000 | |
| സി.എച്ച്.സി കൾക്ക് എയർപോർട്ട് ചെയർ | 150000 | |
| ആകെ | | 2903000 |
| ടി.എസ്.സി | 2628701 | |
| ആകെ | | 2628701 |
| | | |
| ജി.പി.ജി ഫണ്ട് | | |
| ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെയും മെമ്പർമാരുടെയും ഹോണറേറിയം | 1500000 | |

| | | |
|---|---|---|
| ടി.എ തുടങ്ങിയ മറ്റ് ചെലവുകൾ | 200000 | |
| അമ്പിച്ചാൽ കോട്ടപ്പാടം കുളത്തിലേക്ക് കെ.എൽ.ഡി.സി കനാലിൽ നിന്നും പൈപ്പ് ലൈൻ സ്ഥാപിക്കൽ | 200000 | |
| വെല്ലൂർ കോട്ടുവളപ്പ് പട്ടികജാതി കോളനി അതിർത്തി കെട്ടി സംരക്ഷണം | 38320 | |
| ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് ചെലവുകൾ | 1800000 | |
| വികസന രേഖ | 50000 | |
| കേരളോത്സവം | 110000 | |
| വജ്രജൂബിലി ഫെലോഷിപ്പ് കലാകാരൻമാർക്ക് വേതനം | 240000 | |
| സി.എച്ച്.സികളിലേക്ക് ഡോക്ടർമാർ, പാരമെഡിക്കൽ സ്റ്റാഫ് എന്നിവർക്കുള്ള വേതനം | 427570 | |
| കുട്ടികൾക്ക് ചാലകശേഷി നിർണ്ണയവും ഗെയിംസ് പരിശീലനവും | 150000 | |
| തുടർ സാക്ഷരത ഫീസ് | 50000 | |
| ലേണിംഗ് ഡിസെബിലിറ്റിയും മെന്റൽ റിട്ടാർഡേഷനും ഉള്ള വിദ്യാർത്ഥികളുടെ പരിശോധന - ജില്ലാ പഞ്ചായത്തിന് വിഹിതം | 100000 | |
| അരികെ ആരോഗ്യം ജില്ലാ പഞ്ചായത്തിന് വിഹിതം | 150000 | |
| സാക്ഷരതാ സംഗമം | 30000 | |
| മുരിയാട് 99 നമ്പർ സ്മാർട്ട് അംഗൻവാടി ലാന്റ് സ്കേപ്പിംഗും അനുബന്ധ പ്രവർത്തനങ്ങളും നിർമ്മിതി കേന്ദ്രത്തിന് | 363015 | |
| ആകെ | | 5408905 |
| MGNREGS പ്രവർത്തികൾക്ക് | 65000000 | |
| MGNREGS അഡ്മിൻ | 600000 | |
| ആകെ | | 65600000 |
| തനത് ഫണ്ട് | | |
| സ്പിൽ ഓവർ വികസന പദ്ധതികൾക്ക് നീക്കി വെയ്ക്കുന്നത് | 1170123 | |
| അസാധാരണ ഓഫീസ് ചെലവുകൾ | 50000 | |
| ആകെ | | 1220123 |

| | |
|---|---|
| ആകെ മൊത്തം വരവ് | 150444075 |

| വിട്ടുകിട്ടിയ സ്ഥാപനങ്ങൾ | | |
|---|---|---|
| ക്ഷീരവികസന വകുപ്പിന്റെ ഓഫീസ് ചിലവുകൾ | 30000 | |
| പട്ടികജാതി വകുപ്പിന്റെ ഓഫീസ് ചിലവുകൾ | 15000 | |
| പി.എച്ച്.സി ആനന്ദപുരം, സി.എച്ച്.സി കാട്ടൂർ ഓഫീസ് ചെലവുകൾ | 555000 | |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് ചെലവുകൾ | 135000 | |
| ICDS ഓഫീസ് ചെലവുകൾ | 35000 | |
| കൃഷി വകുപ്പിന്റെ ഓഫീസ് ചെലവുകൾ | 28000 | |
| ആകെ | | 798000 |
| ഐ.എ.വൈ കേന്ദ്രവിഹിതം | 1800000 | |
| ഐ.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതം | 1050000 | |
| ഐ.എ.വൈ ജില്ലാ പഞ്ചായത്ത് വിഹിതം | 1470000 | |
| ആകെ | | 4320000 |
| പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് തൊഴിലാളികൾക്ക് വേതനം | 216000 | 216000 |
| എം.പി.എൽ.എ.ഡി | 3500000 | 3500000 |
| എം.പി.കെ.ബി.വൈ | 12500000 | 12500000 |
| എൻ.സി.എഫ്.ആർ.ഡബ്ല്യു | 5715000 | 5715000 |
| ആകെ മൊത്തം ചെലവ് | | 149874795 |
| നീക്കിയിരിപ്പ് | | *569280* |

| ക്ര. നം | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | NEW | | വികസനഫണ്ട് | | തനത് ഫണ്ട് | കേന്ദ്രാവിഷ്കൃതം | മറ്റ് തദ്ദേശസ്ഥാ | | മെയിന്റനൻസ് | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | പൊതു വിഭാഗം | പട്ടികജാതി വിഭാഗം | | | ഗ്രാമപഞ്ചായത്ത് | ജില്ലാപഞ്ചായത്ത് | | |
| 1 | | പാടശേഖരസമിതികൾക്ക് വെർട്ടിക്കൽ ആക്സിസ് പമ്പ് സെറ്റ് | NEW | ഉത്പ്പാദനം | 1800000 | | | | | | | 1800000 |
| 2 | | ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി-ബ്ലോക്ക് വിഹിതം | NEW | ഉത്പ്പാദനം | 800000 | | | | | | | 800000 |
| 3 | | നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി | NEW | ഉത്പ്പാദനം | 1800000 | | | | | | | 1800000 |
| 4 | | വനിതാഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾക്കായി ബാക്ക് എൻഡ് സബ്സിഡി | NEW | ഉത്പ്പാദനം | 1000000 | | | | | | | 1000000 |
| | | ആകെ | | | 5400000 | | | | | | | 5400000 |
| 5 | | വനിതാ ഫിറ്റ്നസ് സെന്റർ സൗകര്യം ഒരുക്കൽ | NEW | സേവനം | 300000 | | | | | | | 300000 |
| 6 | | പദ്ധതി ആസൂത്രണവും മോണിറ്ററിങ്ങും | NEW | സേവനം | 100000 | | | | | | | 100000 |
| 7 | | ഐ.കെ.എം. പ്രവർത്തനഫണ്ട് | NEW | സേവനം | 31815 | | | | | | | 31815 |
| 8 | | പി.എം.എ.വൈ (ജി) 2020-21 ജനറൽ | NEW | സേവനം | 1120000 | | | | | | | 1120000 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 9 | | ലൈഫ് പദ്ധതി - ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം | NEW | സേവനം | 2691600 | | | | | | | 2691600 |
| 10 | | കേരളോത്സവം-2020 | NEW | സേവനം | | | 110000 | | | | | 110000 |
| 11 | | വജ്രജൂബിലി ഫെല്ലോഷിപ്പ് - കലാകാരൻമാർക്ക് വേതനം | NEW | സേവനം | | | 240000 | | | | | 240000 |
| 12 | | അംഗനവാടികൾക്ക് അനുപൂരകപോഷകാഹാരം - ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം | NEW | സേവനം | 1150000 | | | | | | | 1150000 |
| 13 | | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം | NEW | സേവനം | 1350000 | | | | | | | 1350000 |
| 14 | | കുട്ടികൾക്ക് ചാലകശേഷി നിർണ്ണയവും ഗെയിംസ് പരിശീലനവും | NEW | സേവനം | | | 150000 | | | | | 150000 |
| 15 | | അഗതിരഹിതകേരളം - ആശ്രയപദ്ധതി - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം | NEW | സേവനം | 400000 | | | | | | | 400000 |
| 16 | | തുടർസാക്ഷരതാ പഠിതാക്കളുടെ സംഗമം | NEW | സേവനം | | | 30000 | | | | | 30000 |
| 17 | | തുടർസാക്ഷരതാ പഠിതാക്കളുടെ ഫീസ് | NEW | സേവനം | | | 50000 | | | | | 50000 |
| 18 | | അരികെ ആരോഗ്യം - ജില്ലാ പഞ്ചായത്തിന് വിഹിതം | NEW | സേവനം | | | 150000 | | | | | 150000 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 19 | | വിശപ്പുരഹിതകേരളം റിവോൾവിങ് ഫണ്ട് | NEW | സേവനം | 80000 | | | | | | | 80000 |
| 20 | | കാട്ടൂർ സി.എച്ച്.സി യിൽ ശുചിമുറി നിർമ്മാണം | NEW | സേവനം | 200000 | | | | | | | 200000 |
| 21 | | പുല്ലൂർ കശുവണ്ടി വികസനകോർപ്പറേഷൻ കമ്പനി യിൽ സ്ത്രീ തൊഴിലാളികൾക്ക് ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം | NEW | സേവനം | 500000 | | | | | | | 500000 |
| 22 | | പൊതുസ്ഥലങ്ങളിൽ തുമ്പൂർമുഴി കമ്പോസ്റ്റ് സ്ഥാപി ക്കൽ -പഞ്ചായത്തുകൾക്ക് വിഹിതം | NEW | സേവനം | 300000 | | | | | | | 300000 |
| 23 | | തുവ്വാനം പദ്ധതി കാറളം ഗ്രാമപഞ്ചായത്തിന് വിഹിതം | NEW | സേവനം | 525000 | | | | | | | 525000 |
| 24 | | ലേണിങ് ഡിസ്എബിലിറ്റിയും മെന്റൽ റിട്ടാർഡേഷനും ഉള്ള വിദ്യാർത്ഥികളുടെ പരിശോധന - ജില്ലാ പഞ്ചായത്ത് വിഹിതം | NEW | സേവനം | | | 100000 | | | | | 100000 |
| 25 | | വയോക്ലബ്ബുകൾക്ക് ഫർണീച്ചറും കെയർടേക്കറുടെ വേതനവും | NEW | സേവനം | 330170 | | | | | | | 330170 |
| 26 | | വയോജനങ്ങൾക്ക് കട്ടിൽ ഗ്രാമപഞ്ചായത്തിന് വിഹിതം | NEW | സേവനം | 200000 | | | | | | | 200000 |
| 27 | | പെയിൻ & പാലിയേറ്റീവ് കെയർ - രണ്ടാംഘട്ടം | NEW | സേവനം | 870000 | | | | | | | 870000 |
| 28 | | സി.എച്ച്.സി കളിലേക്ക് ഡോക്ടർമാർ, പാരമെഡിക്കൽ സ്റ്റാഫ് എന്നിവർക്കുള്ള വേതനം | NEW | സേവനം | 1322430 | | 427570 | | | | | 1750000 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 29 | | വികസനരേഖ | NEW | സേവനം | | | 50000 | | | | | 50000 |
| 30 | | കാട്ടൂർ സി.എച്ച്.സി യിലേക്ക് ഇലക്ട്രിക് & ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വാങ്ങലും ഇമേജ് മാലിന്യനിർമ്മാർജ്ജനസാമഗ്രികൾ വാങ്ങലും | NEW | സേവനം | 500000 | | | | | | | 500000 |
| 31 | | ആനന്ദപുരം സി.എച്ച്.സി യിലേക്ക് ഇലക്ട്രിക് & ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വാങ്ങൽ | NEW | സേവനം | 300000 | | | | | | | 300000 |
| 32 | | മുരിയാട് 99-ാം നമ്പർ സ്മാർട്ട് അങ്കണവാടി ക്ലാസ് റൂം സജ്ജീകരിക്കലും അനുബന്ധപ്രവർത്തനങ്ങളും - നിർമ്മിതി കേന്ദ്രത്തിന് വിഹിതം കൈമാറൽ | NEW | സേവനം | 136985 | | 363015 | | | | | 500000 |
| | | ആകെ | | | 12408000 | 0 | 1670585 | 0 | 0 | 0 | 0 | 14078585 |
| 33 | | കാട്ടൂർ സി.എച്ച്.സി യിൽ ഓഫീസ് വരാന്ത, കോറിഡോർ, വനിതാവാർഡ് എന്നിവിടങ്ങളിൽ ടൈൽ വിരിക്കൽ | NEW | പശ്ചാത്തലം | 350000 | | | | | | | 350000 |
| 34 | | ബ്ലോക്ക് ഓഫീസ് - നവീകരിച്ച കെട്ടിടത്തിന് മുകളിൽ ട്രസ്സ് വർക്ക്, 2 ഹാളുകളെ ബന്ധിപ്പിക്കൽ | NEW | പശ്ചാത്തലം | 600000 | | | | | | | 600000 |
| 35 | | അത്തിച്ചാൽ -കോട്ടപ്പാടം കുളത്തിലേക്ക് കെ.എൽ.ഡി.സി കനാലിൽ നിന്നും പൈപ്പ് ലൈൻ സ്ഥാപിക്കൽ | NEW | പശ്ചാത്തലം | 300000 | | 200000 | | | | | 500000 |
| | | ആകെ | | | 1250000 | 0 | 200000 | 0 | 0 | 0 | 0 | 1450000 |
| | | ആകെ മൊത്തം | | | 19058000 | | 1870585 | | | | | 20928585 |

| ക്രം.നം | പ്രൊജക്ട് നമ്പർ | പ്രൊജക്ടിൻെറ പേര് | NEW | | വികസനഫണ്ട് | | തനത് ഫണ്ട് | കേന്ദ്രാവിഷ്കൃതം | മറ്റ് തദ്ദേശസ്ഥാപനം | | മെയിന്റനൻസ് | അടങ്കൽ |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | പൊതു വിഭാഗം | പട്ടികജാതി വിഭാഗം | | | ഗ്രാമപഞ്ചായത്ത് | ജില്ലാപഞ്ചായത്ത് | | |
| 36 | | എസ്.സി വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ബാക്ക് എൻഡ് സബ്സിഡി | NEW | ഉത്പ്പാദനം | | 1050000 | | | | | | 1050000 |
| | | ആകെ | | | | 1050000 | | | | | | 1050000 |
| 37 | | പി.എം.എ.വൈ (ജി) 2020-21 എസ്.സി | NEW | സേവനം | | 560000 | | | | | | 560000 |
| 38 | | ലൈഫ് പദ്ധതി എസ് .സി - ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം | NEW | സേവനം | | 2585320 | | | | | | 2585320 |
| 39 | | അഗതിരഹിതകേരളം - ആശ്രയപദ്ധതി - എസ്.സി. ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം | NEW | സേവനം | | 800000 | | | | | | 800000 |
| 40 | | പട്ടികജാതി യുവജനങ്ങളുടെ ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ നൽകൽ | NEW | സേവനം | | 500000 | | | | | | 500000 |
| 41 | | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | NEW | സേവനം | | 4000000 | | | | | | 4000000 |
| 42 | | പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിട്ടോറിയസ് സ്കോളർഷിപ്പ് | NEW | സേവനം | | 200000 | | | | | | 200000 |
| | | ആകെ | | | | 8645320 | 0 | 0 | 0 | 0 | 0 | 8645320 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 43 | | വെള്ളിലംകുന്ന് എസ്.സി കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം | NEW | പഞ്ചായത്തലം | | 500000 | | | | | | 500000 |
| 44 | | വെള്ളിലംകുന്ന് എസ്.സി കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണീച്ചർ വാങ്ങൽ | NEW | പഞ്ചായത്തലം | | 500000 | | | | | | 500000 |
| 45 | | കൊളത്തൂർ അമ്പലം കോളനി സൈഡ് കെട്ടൽ പൂർത്തീകരണം | NEW | പഞ്ചായത്തലം | | 500000 | | | | | | 500000 |
| 46 | | നന്തി അംബേദ്കർ കോളനി എസ്.സി കമ്മ്യൂണിറ്റി ഹാളിലേക്ക് റോഡ് നിർമ്മാണം | NEW | പഞ്ചായത്തലം | | 600000 | | | | | | 600000 |
| 47 | | പുല്ലൂർ അമ്പലനട പട്ടികജാതി കോളനി അതിർത്തി കെട്ടി സംരക്ഷണം | NEW | പഞ്ചായത്തലം | | 500000 | | | | | | 500000 |
| 48 | | വൈല്ലൂർ കോട്ടുവളപ്പ് പട്ടികജാതി കോളനി അതിർത്തികെട്ടി സംരക്ഷണം | NEW | പഞ്ചായത്തലം | | 461680 | 38320 | | | | | 500000 |
| | | ആകെ | | | | 3061680 | 38320 | 0 | 0 | 0 | 0 | 3100000 |
| | | ആകെ മൊത്തം | | | | 12757000 | 38320 | | | | | 12795320 |
| | | | | | | | | | | | | |

| ക്രമ നം | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | NEW | | വികസനഫണ്ട് | | തനത് ഫണ്ട് | കേന്ദ്രാവിഷ്കൃതം | മറ്റ് തദ്ദേശസ്ഥാപനം | | മെയിന്റനൻസ് | അടങ്കൽ |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | പൊതു വിഭാഗം | പട്ടികജാതി വിഭാഗം | | | ഗ്രാമപഞ്ചായത്ത് | ജില്ലാപഞ്ചായത്ത് | | |
| 49 | | ബ്ലോക്ക് മെയിൻ ഹാൾ ഷീറ്റ് വിരിക്കലും സീലിങ്ങും | NEW | | | | | | | | 500000 | 500000 |
| 50 | | അഗ്രോ സർവ്വീസ് സെന്ററിൽ മഴമറ, ഗോവണി നിർമ്മാണം | NEW | | | | | | | | 350000 | 350000 |
| 51 | | ഐ.സി.ഡി.എസ് ഓഫീസിലേക്ക് ചേർന്നുള്ള നിർമ്മിതി കെട്ടിടത്തിന്റേയും മാനവീയം ശിൽപ്പത്തിന്റേയും പുനരുദ്ധാരണം | NEW | | | | | | | | 200000 | 200000 |
| 52 | | സി.എച്ച്.സി കൾക്ക് മരുന്ന് വാങ്ങൽ | NEW | | | | | | | | 400000 | 400000 |
| 53 | | സി.എച്ച്.സി കൾക്ക് എയർപോർട്ട് ചെയർ | NEW | | | | | | | | 150000 | 150000 |
| 54 | | കാട്ടൂർ സി.എച്ച്.സി യിൽ ചുറ്റുമതിൽ അറ്റകുറ്റപണിയും പാത വീതികൂട്ടലും | NEW | | | | | | | | 303000 | 303000 |
| 55 | | ആനന്ദപുരം ആശുപത്രിയിൽ വിവിധ പുനരുദ്ധാരണ പ്രവർത്തികൾ | NEW | | | | | | | | 1000000 | 1000000 |
| | | **ആകെ** | | | | | | | | | **2903000** | **2903000** |